**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1102** **30-06-2022 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിൽ ഫിഷ് ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡിൽ വ്യാപകമായി അഴിമതിയും കെടുകാര്യസ്ഥതയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മത്സ്യത്തൊഴിലാളികളിൽ നിന്ന് സംഭരിക്കുന്ന മത്സ്യം അന്തിപ്പച്ച പദ്ധതി വഴി വിറ്റ പണം ബാങ്കിൽ നിക്ഷേപിക്കുന്നതിൽ മത്സ്യഫെഡിന്റെ അധീനതയിലുള്ള കൊല്ലം കോമൺ പ്രീപ്രൊസസ്സിങ് സെന്റർ (സി.പി.സി.) ൽ സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | മത്സ്യഫെഡ് കൊല്ലം കോമൺ പ്രീ പ്രോസസ്സിംഗ് സെന്റർ (സി.പി.സി.) ൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടർ നടത്തിയ പ്രാഥമികാന്വേഷണ റിപ്പോർട്ട് പ്രകാരം ടി സെന്ററിൽ അന്തിപ്പച്ച യൂണിറ്റുകളിൽ നിന്നും മത്സ്യം വിറ്റ വകയിൽ ലഭിക്കുന്ന ഡെയിലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ തുക മറച്ചുവെച്ചുകൊണ്ട് വളരെ കുറഞ്ഞ തുക മാത്രം കാഷ് ബുക്കിലും ടാലി സിസ്റ്റത്തിലും രേഖപ്പെടുത്തുകയും ഇപ്രകാരം രേഖപ്പെടുത്തുന്ന തുക മാത്രം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തതുകൊണ്ട് പലപ്പോഴായി 92,94,081/ രൂപയുടെ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്.<br><br>കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ.എം. മഹേഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ ശ്രീ. കെ. അനിമോനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31/5/2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോമൺ പ്രീ പ്രോസസ്സിംഗ് സെന്റർ (സി.പി.സി) |

| | | | |
|---|---|---|---|
| | | | യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി. ലിസി അഗസ്റ്റിനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി. നീതു. പി.എസ്, പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുകയും നിലവിലെ സി.പി.സി. മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ക്രമക്കേടിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്തിട്ടുമുണ്ട്. |
| (സി) | നിയോജകമണ്ഡലങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് ബൂത്തുകൾ ആരംഭിക്കുന്ന നടപടി എതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (സി) | കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ് ബൂത്ത് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടും സഹകരണ വകുപ്പുമായി ചേർന്ന് 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഫിഷ് മാർട്ടുകൾ ഇല്ലാത്ത 88 നിയോജക മണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | തിരൂർ മണ്ഡലത്തിൽ ഫിഷ് ബൂത്തുകൾ, ഫിഷ് മാർട്ടുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | തിരൂർ മണ്ഡലത്തിൽ താനാളൂർ, നന്നമ്പ്ര എന്നീ സ്ഥലങ്ങൾ ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ